പതിനഞ്ചാം കേരളനിയമസഭ
ഏഴാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
06-12-2022

നിയമനിർമ്മാണം

ബില്ലിലെ അപാകത

2022 ഡിസംബർ 06-ാംം തീയതി നിയമനിർമ്മാണകാര്യത്തിൽ 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിന്റെ അവതരണ വേളയിൽ ബില്ലിലെ 20-ാംം വകുപ്പുപ്രകാരം ആക്ടിലെ വ്യവസ്ഥകളോ ചട്ടങ്ങളോ ലംഘിക്കുന്നവർക്കെതിരെ പിഴത്തുക വർദ്ധിപ്പിച്ചതിന് ആനുപാതികമായി ശിക്ഷാ കാലാവധിയിൽ മാറ്റം വരുത്തിയിട്ടില്ലെന്നും കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതാണെന്ന വ്യവസ്ഥ അപ്രായോഗികമാണെന്നും ആയതിനാൽ ബിൽ പിൻവലിച്ച് പുതിയ ബിൽ കൊണ്ടുവരണമെന്ന് ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ഭേദഗതി ബില്ലിലെ വ്യവസ്ഥപ്രകാരം നിലവിലുള്ള ശിക്ഷാ കാലയളവ് കുറയ്ക്കുന്നില്ലെന്നും 20-ാംം വകുപ്പുപ്രകാരം പിഴത്തുക വർദ്ധിപ്പിക്കുന്നതിലൂടെ അനധികൃത മണൽവാരൽ തടയാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മണൽ ലേലം ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകളിന്മേൽ മാറ്റം വരുത്താനുദ്ദേശിക്കുന്നില്ലെന്നും കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും മണൽ ലേലം നടത്തുന്നത് കടവ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽത്തന്നെയായിരിക്കുമെന്നും ബഹുമാനപ്പെട്ട റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"മൂലനിയമത്തിലെ ചില ഭേദഗതികൾ നിർദ്ദേശിക്കുന്ന പ്രസ്തുത ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനോ ഭരണഘടനപ്രകാരമോ, സഭയുടെ നടപടി ചട്ടപ്രകാരമോ യാതൊരു തടസ്സവുമില്ലെന്ന് കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല."

+